# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് സപ്ലിമെൻറ്

1989 ഡിസംബർ 15 വാകത്താനം വള്ളിക്കാട്ട് ദയറാ ഓർമ്മ പെരുനാൾ സപ്ലിമെൻറ്


# പ. ഗീവറുഗീസ് പ്രഥമൻ ബാവായുടെ 61–ാം ഓർമ്മപെരുനാൾ



പുണ്യചരിതനായ പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ

## ഡിസംബർ 17, 18 തീയതികളിൽ

സ്ററാഫ് എഡിററർ

വാകത്തനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന മലങ്കരയുടെ രണ്ടാമത്തെകാതോലിക്കാ പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവായുടെ 61–ാം ഓർമ്മപെരുനാൾ ഡിസംബർ 17, 18 തീയതികളിൽ പ. ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിലെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷിക്കുന്നു.

ഹരിതഭംഗി നിറഞ്ഞു നില്ക്കുന്ന വാകത്താനത്തെ കുന്നുകളുടെ പ്രശാന്തതയിൽ സഭയുടെ ആത്മീയ സിരാകേന്ദ്രമായി ദയറാ ഇന്നു് പരിലസിക്കുന്നു. തലമുറകളിലൂടെ കൈമാറി വന്ന മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസന ചരിത്രത്തിലെ വെള്ളി നക്ഷത്രമായ ദയറായുടെ, മണൽത്തരികൾ പോലും ചരിത്രത്തിൻെറ പാദസ്പർശനത്താൽ അനുഗ്രഹീതമാണ്.

കാററും കോളും നിറഞ്ഞ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ ഒരു സ്നേഹദൂതനായി സഭാനൗകയെ നയിച്ച പ: ബാവാ മോശയെപ്പോലെ സമാധാന തീരം സഭാ മക്കൾക്കു് കാണിച്ചുകൊടുത്തു. ഒരു പ്രവാചകനും സ്വന്തനാട്ടിൽ അംഗീകരിക്കപ്പെടുന്നില്ല എന്ന പ്രമാണത്തെ തിരുത്തിയെഴുതിയ തിരുമേനി വാകത്താനകാരുടെയും സഭാമക്കളുടെയും കാണപ്പെട്ട ദൈവമായിരുന്നു.

മലങ്കരയുടെ സഭാപിതാക്കന്മാരായ പാമ്പാടി തിരുമേനിയും, വട്ടശ്ശേരിൽ തിരുമേനിയും, ഗീവറുഗീസ് ദ്വതീയൻ ബാവായും ആഴ്ചകളോളം താമസിച്ച പ്രാർത്ഥിച്ച ദയറാ ഇന്നും മെത്രാപ്പോലീത്താമാരുടെ പ്രാർത്ഥനാകേന്ദ്രമായി തുടരുന്നു. സഭയിലെ എല്ലാമെത്രാപ്പോലീത്താമാരും കുറെ ദിവസമെങ്കിലും വള്ളിക്കാട്ട് ദയറായിൽ താമസിക്കണമെന്ന പ. കാതോലിക്കാബാവായുടെ ഉദ്ബോധനം ആ ധ്യാനമന്ദിരത്തിൻെറ അലൗകിക ശാന്തിയുടെയും വിശുദ്ധിയുടെയും ശക്തി വിളിച്ചറിയിക്കുന്നു.

ഉപവാസത്തിലും, പ്രാർത്ഥനയിലും ജീവിതം നീക്കിയ ആ പരിശുദ്ധൻെറ കബറിടം നാനാജാതി മതസ്ഥരുടെ ആശാകേന്ദ്രമാണ്. ദുഃഖിതരുടെയും അശരണരുടെയും പ്രാർത്ഥന ദയറാ അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നു. അത്ഭുതകരമായ അനുഗ്രഹത്തോടെ അവർ തിരിച്ചു മടങ്ങുന്നു. മനസ്സിൽശാന്തിയുടെ കുളിർമ്മയുമായി.

സവിധത്തിൽ അണയുന്നവർക്കുവേണ്ടി മദ്ധ്യസ്ഥത അപേക്ഷിക്കുന്ന ആ തപോവര്യൻെറ ദിവ്യശക്തിയാൽ ദയറായും പരിസരവും അനുദിനം അഭിവൃദ്ധിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു.

## വിപുലമായ പെരുനാൾ പ്രോഗ്രാം

ഡിസംബർ 10 ഞായറാഴ്ച രാവിലെ 8–15 ന് വി. കുർബാന, പെരുനാൾ കൊടിയേററ് സി. വി. ജോർജ് കോർ എപ്പിസ്കോപ്പാ നേതൃത്വം നൽകും. 15 വെള്ളിയാഴ്ച വൈകുന്നേരം സന്ധ്യാ നമസ്കാരത്തിനുശേഷം ഫാ. സഖറിയാ പെരിയോർമററം പ്രസംഗിക്കും 16 ശനിയാഴ്ച പി. പി. ഫീലിപ്പോസ് കോർ എപ്പിസ്ക്കോപ്പാ വി. കുർബാന അർപ്പിക്കും. 7.30 മുതൽ 12. 30വരെയുള്ള ധ്യാനയോഗത്തിന് ഫാ. സി. സി. ചെറിയാൻ നേതൃത്വം നൽകും. സമീപ ഇടവകയിലെ വൈദികർ ധ്യാനയോഗത്തിൽ സംബന്ധിക്കും. സന്ധ്യനമസ്ക്കാരത്തിനു ശേഷം ഫാ. ററി. ജെ ജോഷ്വാ പ്രസംഗിക്കും. 17 ഞായറാഴ്ച മാത്യൂസ് മാർ എപ്പിഫാനിയോസ്മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കും. വൈകുന്നേരം വിവിധ സ്ഥലങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകർക്ക് സ്വീകരണം നൽകും. സന്ധ്യാ സമസ്ക്കാരത്തിനുശേഷം പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കും. 8. 30 ന് പ്രദക്ഷിണം ആരംഭിക്കും 18–ാം തീയതി തിങ്കളാഴ്ച 8 ന് പ്രഭാത നമസ്ക്കാരം ആരംഭിക്കും. 9 ന് വി. മൂന്നിന്മേൽകുർബാനയ്ക്കു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പ്രധാനകാർമ്മികത്വം വഹിക്കും. കബറിങ്കലെ ധൂപപ്രാർത്ഥനക്കുശേഷം നേർച്ചവിളമ്പ്. ഉച്ചകഴിഞ്ഞു് 2 ന് പ്രദിക്ഷിണം, ആശീർവാദം. 3 മണിക്കു ലേലവും വസ്ത്രദാനവും നടക്കും. വാകത്താനം ജെ. എം. എച്ച്. എസിൽ നിന്നു് എസ്. എസ്. എൽസിക്ക് ഏററവും ഉയർന്നമാർക്കുവാങ്ങിയ കുട്ടിക്കുള്ള സമ്മാനം രാവിലെ പ: കാതോലിക്കാബാവാ നൽകും.



## പ. ബാവാ തിരുമനസിലെ ആശംസ

കർത്താവിൽ വാത്സല്യമക്കളെ,

വാകത്താനം വള്ളിക്കാട്ട് ദയറായ്ക്കു് നാൾക്കുനാളുണ്ടാകുന്ന പുരോഗതിയിൽ നിങ്ങളോടൊപ്പം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ആ സ്ഥാപനത്തിൽ വരുന്നതും നിങ്ങളെ എല്ലാവരെയും നേരിൽ കാണുന്നതും നമുക്കു് വളരെയധികം താല്പര്യമുള്ള കാര്യമാണ്. ഈ വർഷം ദൈവമാതാവിൻെറ വാങ്ങിപ്പ് പെരുനാൾ ദിവസം അവിടെ വി. ബലി അർപ്പിക്കുവാൻ ഇടയായതിൽ നമുക്കു സന്തോഷമുണ്ട്. ദയറായിൽ കബറടങ്ങിയിരിക്കുന്ന നമ്മുടെ മുൻഗാമിയായ പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവായുടെ ഓർമ്മ പെരുനാൾ ഈ മാസം 17, 18 തീയതികളിൽ കൊണ്ടാടുകയാണല്ലോ. ആ പരിശുദ്ധൻെറ ഓർമ്മപെരുനാളിൽ സംബന്ധിക്കുന്നവരുടെ സംഖ്യ ഓരോ വർഷവും വദ്ധിച്ചുവരുന്നുണ്ട് പെരുനാൾ സംബന്ധമായ് എല്ലാകാര്യങ്ങളിലും നേർച്ച കാഴ്ചകളോടെ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്നു് നാം താല്പര്യപ്പെടുന്നു. പരിശുദ്ധൻെറ കേൾക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ പ്രാർത്ഥന സഭയ്ക്കും സഭാമക്കൾക്കും കോട്ടയായിത്തീരട്ടെ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കോട്ടയം കാതോലിക്കേററ് അരമനയിൽ നിന്നു്,

## മദ്ധ്യസ്ഥതയുടെ മഹാസ്ഥാനം

എം. എസ്. കോര, മാവിലശേരിൽ

കുന്നും മലയും കാടും തോടും മേടും സമതലവും എല്ലാം സമന്വയിക്കപ്പെട്ടിരിക്കുന്ന നാടാണ് വാകത്താനം. കുറുപ്പൻ കുന്നും മലയിൽ ചന്തയും മരോട്ടിക്കുന്നും പന്നിത്തടവും കാരസ്കാട്ടുകുന്നും കടുവാക്കുഴിയുംഒക്കെയുള്ള ഒരുവലിയ ഗ്രാമം. അവികലശാന്തിയുടെ സങ്കേതമായ അവിടെ കുറുപ്പൻകുന്നിനേയും മരോട്ടിക്കുന്നിനേയും തൊട്ടുരുമ്മി, പുഞ്ചപ്പാടത്തിൻെറ സുഖശീതളമായ തലോടലേററ് സ്ഥിതിചെയ്യുന്ന വള്ളിക്കാട്ടു ദയറാ അവിടെയാണ് മലങ്കരയിലെ രണ്ടാമത്തെ മഹാപുരോഹിതൻ അന്ത്യവിശ്രമം കൊള്ളുന്നതു്.

അതെ, പരിശുദ്ധനായ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ അന്ത്യവിശ്രമം കൊള്ളുന്ന ആ കബറിടം ഇന്നു് അനേകരുടെ അഭയസ്ഥാനമായി മാറിയിരിക്കുന്നു. ചരിത്രപരമായ കാരണങ്ങളാൽ 'വള്ളിക്കാട്ടുദയറാ' ഒരു കാലത്തു സഭാകേന്ദ്രത്തിൻെറ അതീവ ശ്രദ്ധയിൽ പെട്ടിരുന്നില്ല. കാലഘട്ടത്തിൻെറ കറക്കത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ നേതൃത്വം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ ബലിഷ്ടങ്ങളായ കരങ്ങളിൽ അർപ്പിതമായപ്പോൾ, 'വള്ളിക്കാടി'നു വളരാൻ വെള്ളവും വളവും ലഭിച്ചു.

അഞ്ചുപതിററാണ്ടു കാലം സുഷുപ്തിയിലാണ്ടിരുന്ന വള്ളിക്കാട്ടു ദയറായിൽ ഇന്നു് പ്രഭാതപ്രദോഷമെന്യേ ആരാധനയുടെ മന്ത്രധ്വനികൾ ഉയരുന്നു. ഒരു വ്യാഴവട്ടത്തിനുമു

ശേഷം 2-ാം പേജിൽ

